**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5427** **21-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ - ഷൊർണ്ണൂർ റൂട്ടിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ - ഷൊർണ്ണൂർ റൂട്ടിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച ട്രെയിനുകൾ പുനഃരാരംഭിച്ചപ്പോൾ അശാസ്ത്രീയമായ സമയക്രമം മൂലം യാത്രക്കാർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | (എ) | കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഭാഗികമായി നിർത്തി വച്ചിരുന്ന ട്രെയിൻ ഗതാഗതം രാജ്യത്ത് പുന:രാരംഭിച്ച സാഹചര്യത്തിൽ നിലമ്പൂർ-ഷൊർണ്ണൂർ റൂട്ടിലെ ട്രെയിൻ ഗതാഗതം പൂർണ്ണ തോതിൽ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന്, കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു കൊണ്ട് ജില്ലാ കളക്ടർ അധ്യക്ഷനായ മലപ്പുറം ജില്ലാ വികസന സമിതി 26/02/2022 തീയതിയായി പ്രമേയം പാസ്സാക്കി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രമേയത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിനു സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡിന് മുമ്പ് നിലമ്പൂരിൽ നിന്ന് ഷോർണ്ണൂരിലേക്ക് പുറപ്പെട്ടിരുന്ന ട്രെയിനുകളുടെ സമയത്തിലുണ്ടായ മാറ്റം കാരണം എറണാകുളം, തിരുവനന്തപുരം, കോയമ്പത്തൂർ തുടങ്ങി വിവിധ സ്ഥലങ്ങളിലേക്ക് ഷൊർണ്ണൂരിൽ നിന്ന് കണക്ഷൻ ട്രെയിൻ ലഭിക്കാതെ വരുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | കോവിഡിന് മുമ്പ് നിലമ്പൂരിൽ നിന്ന് ഷോർണ്ണൂരിലേക്ക് പുറപ്പെട്ടിരുന്ന ട്രെയിനുകളുടെ സമയത്തിലുണ്ടായ മാറ്റം കാരണം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച പരാതികൾ സർക്കാരിൽ ലഭ്യമാകുകയും, തുടർന്ന് പ്രസ്തുത പരാതികളിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ റെയിൽവേയോട് നിരന്തരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്ത് നിന്നും അനുകൂല നടപടികൾ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ